"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

2018-ലെ മഹാപ്രളയത്തെ തുടർന്നുണ്ടായ മാലിന്യങ്ങൾ ഉൾപ്പടെ ഹരിതകർമ്മസേന വഴി ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയതുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിക്കു നൽകുവാനുള്ള തുക രണ്ടു ഗഡുക്കളായി (രണ്ടു വർഷം കൊണ്ട്) അനുവദിച്ചുനൽകുന്നതിനു താന്ന്യം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.57/2022/LSGD തീയതി,തിരുവനന്തപുരം, 10/01/2022

പരാമർശം:-

1. 1) താന്ന്യം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.08.2021-ലെ 28(1)/2021 നമ്പർ തീരുമാനം.
2. താന്ന്യം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.09.2021-ലെ B2/4263/2020 നമ്പർ കത്ത്
3. തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18/09/2021-ലെ കത്ത് (SRG 516/21 , CC 334/21 )
4. 18.12.2021-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.15.

**ഉത്തരവ്**

താന്ന്യം ഗ്രാമ പഞ്ചായത്ത് 2018-ലെ മഹാപ്രളയത്തെ തുടർന്നുണ്ടായ മാലിന്യങ്ങൾ ഉൾപ്പെടെ ഹരിതകർമ്മസേന വഴി ശേഖരിച്ച് രണ്ടര വർഷം കഴിഞ്ഞു ക്ലീൻ കേരള കമ്പനിക്ക് കൈമാറിനൽകിയിരുന്നു. തരംതിരിക്കപ്പെടാത്ത മാലിന്യം ക്ലീൻ കേരള കമ്പനിക്ക് കൈമാറിയ ഇനത്തിൽ 23,79,108/- രൂപ താന്ന്യം ഗ്രാമപഞ്ചായത്ത് ക്ലീൻ കേരള കമ്പനിക്ക് നൽകാനുണ്ട്. ഇത്രയും വലിയ തുക ഒന്നിച്ച് നൽകുവാൻ ബുദ്ധിമുട്ടുള്ളതിനാൽ വികസന ഫണ്ട് സ്രോതസ്സിൽ നിന്ന് ചെറിയ ഗഡുക്കളായി കുറവ് ചെയ്ത് അടവാക്കുന്നതിനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (1)-ന്റെ അടിസ്ഥാനത്തിൽ താന്ന്യം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചിരുന്നു.

2. മാലിന്യങ്ങൾ ശേഖരിച്ച് ഓരോ ഇനമായി തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയായിരുന്നുവെങ്കിൽ അതിന്റെ വില തദ്ദേശഭരണ സ്ഥാപനത്തിന് ലഭിക്കുമായിരുന്നെന്നും ഇങ്ങനെ തരം തിരിക്കാത്തത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണെന്നും വിലയിരുത്തിയെങ്കിലും ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ കൂടി അഭിപ്രായം പരിഗണിച്ച് രണ്ടു ഗഡുക്കളായി (രണ്ടു വർഷം കൊണ്ട്) ക്ലീൻ കേരള കമ്പനിക്ക് തുക നൽകുന്നതിന് താന്ന്യം ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-

ഓർഡിനേഷൻ കമ്മിറ്റി പരാമർശം (4) പ്രകാരം തീരുമാനിച്ചിരുന്നു

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018-ലെ മഹാപ്രളയം മുതലുണ്ടായ മാലിന്യങ്ങൾ ഉൾപ്പടെ, ഹരിതകർമ്മസേന വഴി ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയതുമായി ബന്ധപ്പെട്ട്, ക്ലീൻ കേരള കമ്പനിക്കു നൽകുവാനുള്ള തുകയായ 23,79,108/- രൂപ(ഇരുപത്തി മൂന്ന് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി ഒരുനൂറ്റി എട്ട് രൂപ മാത്രം) രണ്ടു ഗഡുക്കളായി (രണ്ടു വർഷം കൊണ്ട്) അനുവദിച്ചു നൽകുന്നതിന് താന്നിയം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shibi Abraham
Deputy Secretary

പ്രസിഡന്റ് / സെക്രട്ടറി, താന്ന്യം ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്